2026
AUGUST
19
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ജർമ്മനിയുമായി 70,000 കോടിയുടെ അന്തർവാഹിനി കരാറിൽ ഒപ്പിടാനൊരുങ്ങി ഇന്ത്യ

**ന്യൂദൽഹി:** ഇന്ത്യയുടെ ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന പ്രോജക്റ്റ് 75(I) അന്തർവാഹിനി പദ്ധതിയിൽ വരും ദിവസങ്ങളിൽ ഉണർവ് കാണാൻ കഴിഞ്ഞേക്കാവുന്ന റിപ്പോർട്ടുകൾ പുറത്ത്. ചില സുപ്രധാന നിർദ്ദേശം സുരക്ഷാ കാര്യങ്ങൾക്കായുള്ള കാബിനറ്റ് കമ്മിറ്റിയുടെ മുമ്പാകെ എത്തുമെന്ന് പ്രതീക്ഷിക്കുന്നതായിട്ടാണ് വാർത്തകൾ പുറത്ത് വരുന്നത്. ഇന്ത്യൻ നാവികസേനയ്ക്കായി ആറ് നൂതന പരമ്പരാഗത അന്തർവാഹിനികൾ നിർമ്മിക്കുന്നതാണ് ഈ പദ്ധതി. ഇതിന് ഏകദേശം 70,000 കോടി രൂപ വിലവരും.

ജർമ്മനിയിലെ തൈസെൻക്രൂപ്പ് മറൈൻ സിസ്റ്റംസുമായി സഹകരിച്ച് മുംബൈയിലെ മസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് ലിമിറ്റഡ് ആണ് ഈ അന്തർവാഹിനികൾ പ്രധാനമായും ഇന്ത്യയിൽ നിർമ്മിക്കുന്നത്. വർഷങ്ങളായി ഈ കരാർ ചർച്ചയിലായിരുന്നു. വാണിജ്യ നിബന്ധനകളെയും സാങ്കേതിക സവിശേഷതകളെയും ചൊല്ലി ചർച്ചകൾ ആവർത്തിച്ച് സ്തംഭിച്ചതിനാണ് കഴിഞ്ഞ ദിവസം വിരാമമായത്. ഹെവിവെയ്റ്റ് ടോർപ്പിഡോകൾ വികസിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനും സംയോജിപ്പിക്കുന്നതിനും നവീകരിക്കുന്നതിനുമായി ജർമ്മൻ സ്ഥാപനം ഹൈദരാബാദിലെ VEM ടെക്നോളജീസുമായിട്ടാണ് ഒരു ധാരണാപത്രത്തിൽ ഒപ്പുവച്ചത്.



ടികെഎംഎസിന്റെ അനുബന്ധ സ്ഥാപനമായ അറ്റ്ലാസ് ഇലക്ട്രോണിക്കും ഇന്ത്യൻ ഭാഗത്ത് സംയോജനവും പരീക്ഷണവും കൈകാര്യം ചെയ്യുന്ന വിഇഎമ്മുമായി പങ്കാളിത്തമുണ്ട്. ആ ക്രമീകരണം പിന്നീട് സാങ്കേതിക കൈമാറ്റവും മെയ്ക്ക്ഇൻ ഇന്ത്യ ടോർപ്പിഡോ പദ്ധതിയും ഉൾക്കൊള്ളുന്ന ഒരു ടീം കരാറായി പരിണമിക്കുകയായിരുന്നു.

കൂടാതെ മുംബൈ ആസ്ഥാനമായുള്ള സിഎഫ്എഫ് ഫ്ലൂയിഡ് കൺട്രോളുമായി ആന്റി സബ്മറൈൻ യുദ്ധ സംവിധാനങ്ങളിൽ ടികെഎംഎസ് ഒരു പങ്കാളിത്തം സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ പ്രതിരോധ ഗവേഷണ വികസന സംഘടന ഉൾപ്പെടെയുള്ള ഇന്ത്യൻ സംഘടനകളുമായി കൂടുതൽ സഹകരണങ്ങൾ ലക്ഷ്യമിടുന്നുണ്ട്. ഇന്ത്യൻ നാവികസേനയുടെ പരമ്പരാഗത അന്തർവാഹിനി കപ്പലുകളുടെ കുറവുമൂലം ബുദ്ധിമുട്ടുന്ന സാഹചര്യത്തിലാണ് സുപ്രധാന കരാർ വന്നിരിക്കുന്നത്. ആറ് പുതിയ ബോട്ടുകൾ മികച്ച അണ്ടർവാട്ടർ എൻഡ്യൂറൻസ്, സ്റ്റെൽത്ത്, നിരീക്ഷണം, പ്രഹരശേഷി എന്നിവ കൊണ്ടുവരാൻ ഉദ്ദേശിച്ചുള്ളതാണ്. അവയുടെ എയർഇൻഡിപെൻഡന്റ് പ്രൊപ്പൽഷൻ) സംവിധാനങ്ങൾ വെള്ളത്തിനടിയിൽ കൂടുതൽ ദൂരം സഞ്ചരിക്കാൻ സഹായിക്കുന്നു. ഇന്ത്യൻ മഹാസമുദ്രത്തിലുടനീളമുള്ള വിപുലീകൃത പട്രോളിംഗിനും കടൽ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും ഇത് ഉപയോഗപ്രദമാണ്. കൂടാതെ ഇന്ത്യൻ മഹാസമുദ്രത്തിൽ ചൈനീസ് അന്തർവാഹിനി പ്രവർത്തനങ്ങൾ വർദ്ധിച്ചു വരുന്ന സമയത്താണ് ഈ കരാർ സംഭവിക്കുന്നത്.

നേരത്തെ ഫ്രാൻസിന്റെ സഹായത്തോടെ എംഡിഎൽ ആറ് കൽവാരി ക്ലാസ് അന്തർവാഹിനികൾ നിർമ്മിച്ചു. ആദ്യത്തേത് 2017 ൽ സർവീസിൽ പ്രവേശിച്ചപ്പോൾ, അവസാനത്തേതായ ഐഎൻഎസ് വാഗ്ഷീർ 2025 ജനുവരിയിൽ കമ്മീഷൻ ചെയ്തിരുന്നു.

## സ്ത്രീകൾക്ക് 2500 രൂപ ഈമാസം തന്നെ; ലക്ഷ്മി യോജന അപേക്ഷകർ 6 ലക്ഷത്തിലേക്ക്

**ന്യൂദൽഹി:** സ്ത്രീകൾക്ക് മാസം 2500 രൂപ വീതം കിട്ടുന്ന പുത്തൻ പദ്ധതിയിൽ ചേരാൻ അപേക്ഷിച്ചവരുടെ എണ്ണം 6 ലക്ഷത്തിലേക്ക്. റജിസ്ട്രേഷൻ ആരംഭിച്ച് 10 ദിവസം കഴിഞ്ഞപ്പോൾതന്നെ അപേക്ഷകർ 5.92 ലക്ഷം പിന്നിട്ടിരുന്നു. 2500 രൂപയും നേരിട്ട് ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുകയല്ല ചെയ്യുന്നത്. പകരം, 1000 രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ബാക്കി 1500 രൂപ ബാങ്കിൽ എഫ്ഡി/ആർഡിയായി മാറ്റുകയുമാണ് ചെയ്യുന്നത്.

നിക്ഷേപത്തിന് 3വർഷ ലോക്ക് ഇൻ കാലാവധിയുണ്ടാകും. കാലാവധി പൂർത്തിയായ ശേഷമേ പണം പിൻവലിക്കാനാകൂ. ഡൽഹി സർക്കാരാണ് സംസ്ഥാനത്തെ വനിതകൾക്കായി 'ലക്ഷ്മി യോജന' എന്ന പദ്ധതി ആവിഷ്കരിച്ചത്. ഓഗസ്റ്റ് ഒന്നിനായിരുന്നു റജിസ്ട്രേഷൻ തുടക്കം. രക്ഷാബന്ധൻ ദിവസമായ ഓഗസ്റ്റ് 28ഓടെ ആദ്യത്തെ 2500 രൂപ കൈമാറുകയാണ് സർക്കാരിന്റെ ലക്ഷ്യം. സ്ത്രീകൾക്ക് ഹ്രസ്വകാലത്തിന് പുറമേ ദീർഘകാല സാമ്പത്തിക സുരക്ഷിതത്വം കൂടി ഉറപ്പാക്കുക ലക്ഷ്യമിട്ടാണ് എഫ്ഡി/ആർഡി കൂടി പദ്ധതിയിൽ ചേർക്കുന്നതെന്ന് മുഖ്യമന്ത്രി രേഖാ ഗുപ്ത പറഞ്ഞു.

മൊത്തം 17 ലക്ഷം വനിതകൾക്ക് ഉപകാരപ്പെടുന്ന പദ്ധതിക്കായി നടപ്പുവർഷത്തേക്ക് ഡൽഹി സർക്കാർ 5100 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

## വികസിത ഇന്ത്യ ലക്ഷ്യം: ബാങ്കിംഗ് മേഖലയിൽ പരിഷ്കാരത്തിന് കേന്ദ്രം

**ന്യൂദൽഹി:** ബാങ്കിംഗ് മേഖലയെ കൂടുതൽ കരുത്തുറ്റതാക്കുന്നതിനും രാജ്യത്തിന്റെ വികസന ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുത്തുന്നതിനുമായി ഒരു ഉന്നതാധികാര സമിതിയെ ഉടൻ രൂപീകരിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ അറിയിച്ചു.

ന്യൂഡൽഹിയിൽ നടന്ന പിഎസ്ബി കോൺഫ്ലുവൻസ് 2026 എന്ന പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു ധനമന്ത്രി.

നിർമല സീതാരാമൻ ഈ വർഷത്തെ ബജറ്റ് പ്രസംഗത്തിലാണ് 'വികസിത് ഭാരതത്തിനായുള്ള ബാങ്കിംഗ്' എന്ന വിഷയത്തിൽ ഒരു ഉന്നതതല സമിതിയെക്കുറിച്ചുള്ള നിർദേശം മുന്നോട്ടു വച്ചത്.

2047ൽ 'വികസിത് ഭാരത്' എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ ബാങ്കിംഗ് മേഖലയുടെ പങ്കിനെക്കുറിച്ച് പഠിക്കാനാണ് സർക്കാർ ഉന്നതതല സമിതി രൂപീകരിക്കാൻ ഒരുങ്ങുന്നത്. ഇതിന്റെ ഭാഗമായി, രാജ്യത്തിന്റെ വികസന ലക്ഷ്യങ്ങൾക്ക് അനുസൃതമായി മേഖലയെ സജ്ജമാക്കുന്നതിനാവശ്യമായ പരിഷ്കാരങ്ങളെക്കുറിച്ചുള്ള ശിപാർശകൾ സമർപ്പിക്കാൻ കേന്ദ്ര ധനമന്ത്രി ബാങ്കിംഗ് രംഗത്തെ പ്രമുഖരോട് ആവശ്യപ്പെട്ടു.

സർക്കാർ ഉടൻ തന്നെ ഈ ഉന്നതതല സമിതിയെ പ്രഖ്യാപിക്കുമെന്നും രണ്ടു ദിവസം നീണ്ടുനിൽക്കുന്ന ഈ സമ്മേളനത്തിൽ നിന്നുള്ള ശിപാർശകളും തീരുമാനങ്ങളും സമിതിക്ക് മുന്നിൽ സമർപ്പിക്കുമെന്നും നിർമല സീതാരാമൻ പറഞ്ഞു.

കോൺക്ലേവിൽ ഉയർന്നുവരുന്ന നിർദേശങ്ങൾ പരിശോധിക്കുന്ന സമിതി, ബാങ്കിംഗ് മേഖലയുടെ ഭാവി ദിശാബോധത്തെക്കുറിച്ചുള്ള ശിപാർശകൾ തയാറാക്കും. അടുത്ത രണ്ട് പതിറ്റാണ്ടിലെ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് ആവശ്യമായ ചട്ടക്കൂട് രൂപീകരിക്കുന്നതിൽ ബാങ്കിംഗ് വിദഗ്ധർ നിർണായക പങ്ക് വഹിക്കുമെന്നാണ് പ്രതീക്ഷ.

2047 എന്നത് വളരെ അകലെയല്ലെന്നും അതിനാൽ ബാങ്കുകൾ ഇപ്പോൾ മുതൽ തന്നെ വികസന പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും മന്ത്രി ഓർമിപ്പിച്ചു.

നിലവിൽ ഇന്ത്യൻ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തികൾ എക്കാലത്തെയും താഴ്ന്ന നിരക്കിലാണ്. ഇത് പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബാങ്കുകളെ പ്രാപ്തരാക്കുന്നതായി കേന്ദ്ര മന്ത്രി പറഞ്ഞു.

*This is an advertisement for information purpose and is not a prospectus announcement.*

ICL FINCORP LIMITED
SECURED, REDEEMABLE NON-CONVERTIBLE DEBENTURES NCD
CREDIT RATING CRISIL BBB-/ STABLE

ICL Join ICL, Grow with us
ICL Fincorp

UP TO DOUBLE RETURNS IN 72 MONTHS*

*Based on an Effective yield of 12.25% On Cumulative Basis Under Option X, 72 Months, Tds As Applicable.

ISSUE OPENS ON: AUGUST 10, 2026 (MONDAY) ISSUE CLOSES ON: AUGUST 21, 2026 (FRIDAY)*

*The Issue shall remain open for subscription on Working Days from 10:00 a.m. to 5:00 p.m. (Indian Standard Time), during the period indicated above, except that the Issue may close on such earlier date or extended date as may be decided by the Board of directors or Finance and Management Committee of our Company, subject to relevant approvals (subject to a minimum period of two working days and a maximum period of 10 working days from the date of opening of this Issue). In the event of an early closure or extension of the Issue, our Company shall ensure that notice of such early closure or extension is given to the prospective investors through an advertisement in a national daily newspaper and a regional daily newspaper in Tamil Nadu where the registered office is located, with wide circulation on or before such earlier date or extended date of closure. Application Forms for the Issue will be accepted only from 10:00 a.m. to 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange, on Working Days during the Issue Period. On the Issue Closing Date, Application Forms will be accepted only between 10:00 a.m. to 3:00 p.m. and uploaded until 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange.

Issue Structure: (For detailed Issue Structure refer Prospectus dated July 28, 2026)

| | |
|---|---|
| Face value : ₹ 1,000 each | Minimum application size : ₹ 10,000 (10 NCDs) & in multiples of 1 NCD thereafter |
| Tenure (months) : 13, 24, 36, 60 and 72 | |
| Schemes : 10 schemes with 10 ISINs | Payout options : Monthly, Annually & Cumulative |

*T&C Apply

THE ISSUE

PUBLIC ISSUE BY OUR COMPANY OF 10,00,000 SECURED, REDEEMABLE, NON-CONVERTIBLE DEBENTURES OF FACE VALUE OF ₹1,000 EACH, ("NCDS") AT PAR, FOR AN AMOUNT UP TO ₹5,00,000 THOUSAND ("BASE ISSUE SIZE") WITH AN OPTION TO RETAIN OVERSUBSCRIPTION OF UP TO ₹5,00,000 THOUSAND, AGGREGATING UP TO ₹10,00,000 THOUSAND, (HEREINAFTER REFERRED TO AS THE "ISSUE SIZE"). THE ISSUE IS BEING MADE PURSUANT TO THE PROVISIONS OF SECURITIES AND EXCHANGE BOARD OF INDIA (ISSUE AND LISTING OF NON-CONVERTIBLE SECURITIES) REGULATIONS, 2021, AS AMENDED, THE COMPANIES ACT, 2013 AND RULES MADE THEREUNDER TO THE EXTENT NOTIFIED AND THE SEBI MASTER CIRCULAR AS AMENDED FROM TIME TO TIME. THE ISSUE IS NOT PROPOSED TO BE UNDERWRITTEN.

| COUPON RATE: (MONTHLY OPTIONS) | OPTION IV | OPTION III | OPTION II | OPTION I |
|---|---|---|---|---|
| | 11.50%* PER ANNUM 60 MONTHS | 11.00%* PER ANNUM 36 MONTHS | 10.50%* PER ANNUM 24 MONTHS | 10.00%* PER ANNUM 13 MONTHS |

*Indicating coupon rates for monthly options only. Refer Prospectus dated July 28, 2026 to view effective yield for monthly, annually and cumulative options.

To Know More: Visit Nearest ICL Fincorp Branch | To Download Application: Visit www.iclfincorp.com
For Enquiries: Call +91 85890 20137, +91 85890 20186

Capitalised terms not defined herein shall have the same meaning as assigned to such terms in the prospectus dated July 28, 2026 ("**Prospectus**").
**DISCLAIMER OF THE ISSUER:** ICL Fincorp Limited **("Company")**, subject to market conditions, and other considerations, is proposing a public issue of secured redeemable non-convertible debentures **("NCDs")** and has filed a prospectus dated July 28, 2026 **("Prospectus")** with the Registrar of Companies, Tamil Nadu at Chennai **("RoC")**, BSE Limited **("BSE")** and Securities and Exchange Board of India **("SEBI")**. The Prospectus is available on the website of the Company at www.iclfincorp.com, on the website of BSE at www.bseindia.com, on the website of the lead manager at www.vivro.net and on the website of SEBI at www.sebi.gov.in. Investors proposing to participate in the Issue should invest only on the basis of the information contained in the Prospectus. Investors should note that investment in the NCDs involves a high degree of risk and for details in relation to the same, refer to the Prospectus, including the section titled *"Risk Factors"* and *"Material Developments"* beginning on page 17 and 153 respectively of the Prospectus.
**LISTING:** The NCDs offered through the Prospectus are proposed to be listed on BSE Limited **("BSE" or the "Stock Exchange")** and BSE shall be the Designated Stock Exchange. Our Company has received an 'in-principle' approval from BSE vide their letter no. DCS/RM/PI-BOND/07/26-27 dated July 28, 2026
**GENERAL RISK:** Investment in non-convertible securities is risky, and investors should not invest any funds in such securities unless they can afford to take the risk attached to such investments. Investors are advised to take an informed decision and to read the risk factors carefully before investing in this offering. For taking an investment decision, the Investors must rely on their own examination of the Issuer and the Issue including the risks involved. Specific attention of the Investors is invited to the chapter titled "Risk Factors" on Page 17 of the Prospectus and "Material Developments" on page 153 of the Prospectus, before making an investment in this Issue. These risks are not, and are not intended to be, a complete list of all risks and considerations relevant to the non-convertible securities or investor's decision to purchase such securities. The Prospectus has not been and will not be approved by any regulatory authority in India, including the Securities and Exchange Board of India **("SEBI")**, the Reserve Bank of India **("RBI")**, any registrar of companies or any stock exchange in India nor do they guarantee the accuracy or adequacy of the Prospectus.
**DISCLAIMER CLAUSE OF BSE:**:It is to be distinctly understood that the permission given by BSE Limited should not in any way be deemed or construed that the Offer Document has been cleared or approved by BSE Limited nor does it certify the correctness or completeness of any of the contents of the Prospectus. The investors are advised to refer to the Draft Offer Document/Offer Document for the full text of the Disclaimer clause of the BSE Limited.
**DISCLAIMER CLAUSE OF USE OF BSE ELECTRONIC PLATFORM**: It is to be distinctly understood that the permission given by the BSE to use their network and software of the Online system should not in any way be deemed or construed as compliance with various statutory requirements approved by the Exchange; not does it in any manner warrant, certify or endorse the correctness or completeness of any of the compliance with the statutory and other requirements; nor does it take any responsibility for the financial or other soundness of this Company, its promoters, its management or any scheme or project of this Company
**DISCLAIMER CLAUSE OF INDUSTRY PROVIDER:** Crisil intelligence, a division of Crisil Limited, provides independent research, consulting, risk solutions, and data & analytics to its clients. Crisil Intelligence operates independently of Crisil's other divisions and subsidiaries, including, Crisil Ratings Limited. Crisil Intelligence's informed insights and opinions on the economy, industry, capital markets and companies drive impactful decisions for clients across diverse sectors and geographies. Crisil Intelligence's strong benchmarking capabilities, granular grasp of sectors, proprietary analytical frameworks and risk management solutions backed by deep understanding of technology integration, makes it the partner of choice for public & private organisations, multi-lateral agencies, investors and governments for over three decades. For the preparation of the report, Crisil Intelligence has relied on third party data and information obtained from sources which in its opinion are considered reliable. Any forward-looking statements contained in the report are based on certain assumptions, which in its opinion are true as on the date of the report and could fluctuate due to changes in factors underlying such assumptions or events that cannot be reasonably foreseen. The report does not consist of any investment advice and nothing contained in the report should be construed as a recommendation to invest/disinvest in any entity. The Industry Report is intended for use only within India. Provided that, the company shall be responsible for ensuring compliances and consequences of non-compliance for use of the report, material & issue documents or any part thereof outside India in relation to the issue.
**NAMES OF THE SIGNATORIES AT THE TIME OF SIGNING OF THE MEMORANDUM OF ASSOCIATION COMPANY AND THE NUMBER OF SHARES SUBSCRIBED FOR BY THEM AT THE TIME OF SIGNING THE MEMORANDUM OF ASSOCIATION:** Given are the names of the signatories of the Memorandum of Association of the Company and the number of equity shares subscribed of face value of ₹10/- each by them at the time of signing of Memorandum of Association: J. Amarchand Kothari (10 equity shares allotted), A Badal Kanwar (10 equity shares allotted), K. Ashok Bohra (10 equity shares allotted), Subash Chand Jain (10 equity shares allotted), Mahaveer Chand Kothari (10 equity shares allotted), K. Ashok Kumar Jain (10 equity shares allotted) and Narendra Kumar Jain (10 equity shares allotted) at the time of incorporation of the Company aggregating to 70 Equity Shares of face value of ₹10/- each.
**DISCLAIMER CLAUSE OF CRISIL:** Crisil Ratings Limited (Crisil Ratings) has taken due care and caution in preparing the material based on the information provided by its client and / or obtained by Crisil Ratings from sources which it considers reliable (Information). A rating by Crisil Ratings reflects its current opinion on the likelihood of timely payment of the obligations under the rated instrument and does not constitute an audit of the rated entity by Crisil Ratings. Crisil Ratings does not guarantee the completeness or accuracy of the information on which the rating is based. A rating by Crisil Ratings is not a recommendation to buy, sell, or hold the rated instrument; it does not comment on the market price or suitability for a particular investor. The rating is not a recommendation to invest / disinvest in any entity covered in the material and no part of the material should be construed as an Expert advice or investment advice or any form of investment banking within the meaning of any law or regulation. Crisil Ratings especially states that it has no liability whatsoever to the subscribers / users / transmitters/ distributors of the material. Without limiting the generality of the foregoing, nothing in the material is to be construed as Crisil Ratings providing or intending to provide any services in jurisdictions where Crisil Ratings does not have the necessary permission and/or registration to carry out its business activities in this regard. ICL Fincorp limited will be responsible for ensuring compliances and consequences of non-compliances for use of the material or part there of outside India. Current rating status and Crisil Ratings' rating criteria are available without charge to the public on the website, www.crisilratings.com. For the latest rating information on any instrument of any company rated by Crisil Ratings, please contact customer service helpdesk at 1800-2673850.
**DISCLAIMER CLAUSE OF RBI:** The company is having a valid certificate of registration dated June 9, 2016 under section 45 IA of the Reserve Bank of India Act, 1934. A copy of the Prospectus has not been filed with or submitted to the Reserve Bank of India ("RBI"). It is distinctly understood that the Prospectus should not in anyway be deemed or construed to be approved or vetted by RBI. RBI does not accept any responsibility or guarantee about the present position as to the financial soundness of the issuer or for the correctness of any of the statements or representations made or opinions expressed by the issuer and for discharge of liability by the issuer. RBI neither accepts any responsibility nor guarantee for the payment of any amount due to any investor in respect of the proposed NCDs.

*(please scan this QR code to view the Prospectus)*

**Reg. Office:** Plot No. C308, Door No. 66/40, 4th Avenue, Ashok Nagar, Chennai– 600 083, Tamil Nadu, India.
**Corp. Office:** ICL Fincorp Limited, Main Road, Irinjalakuda, Thrissur–680121, Kerala, India.
Branches: Kerala | Tamil Nadu | Andhra Pradesh | Telangana | Karnataka | Maharashtra | Odisha | Gujarat | West Bengal | Goa | Delhi | Rajasthan | Bihar iclfincorp

# ആറന്മുള ഉതൃട്ടാതി ജലോത്സവം 30ന്; 51 പള്ളിയോടങ്ങൾ പങ്കെടുക്കും

**ആറന്മുള:** ചരിത്രപ്രസിദ്ധമായ ആറന്മുള ഉതൃട്ടാതി ജലോത്സവം 30ന് പമ്പാനദിയിൽ നടക്കും. 1.30ന് ജലഘോഷയാത്രയും മൂന്നു മുതൽ മത്സര വള്ളംകളിയും ആരംഭിക്കും. മത്സര വള്ളം കളിക്കും ജല ഘോഷയാത്രയ്ക്കുമുള്ള പള്ളിയോടങ്ങളുടെബാച്ചുകൾ നിശ്ചയിച്ചു. 51 പള്ളിയോടങ്ങളാണ് ഇത്തവണ പങ്കെടുക്കുന്നത്. എ, ബി ബാച്ചുകൾക്ക് പ്രത്യേകമായ ഗ്രൂപ്പാണ്. നാല് പള്ളിയോടങ്ങൾവരെ ഓരോ ഗ്രൂപ്പിലുണ്ടാകും.

പള്ളിയോട സേവാസംഘത്തിന്റെ ചുമതലയിൽ വഴിപാട് വള്ളസദ്യകൾ പുരോഗമിക്കുകയാണ്. 545 വഴിപാട് വള്ളസദ്യകൾ ഇതേവരെ ബുക്ക് ചെയ്തു. കെഎസ്ആർടിസി 240 ട്രിപ്പുകളിൽ ആയി 10,000 പേർ സദ്യയിൽ പങ്കെടുത്തു.

സ്പെഷ്യൽ പാസ് സദ്യ 8000 പേർ പങ്കെടുത്തു. സെപ്റ്റംബർ 16 വരെ സീറ്റുകൾ മുഴുവനായി ഓൺലൈനും ഓഫ്‌ലൈനും ബുക്ക് ചെയ്തുകഴിഞ്ഞു. ബുക്കിംഗ് പൂർണമായി നിർത്തി. 20000 പേർ ഈ സീസണിൽ പങ്കെടുക്കും എന്ന് പ്രസിഡന്റ് കെ.വി. സാംബദേവൻ അറിയിച്ചു. ചരിത്രപ്രസിദ്ധമായ അഷ്ടമിരോഹിണി വള്ളസദ്യ സെപ്റ്റംബർ നാലിന് കേരള ഗവർണർ രാജേന്ദ്ര ആർലേക്കർ ഉദ്ഘാടനം ചെയ്യും.

# കാതോലിക്കേറ്റ് കോളജ് അലുമ്നി വാർഷികം

**പത്തനംതിട്ട:** കാതോലിക്കേറ്റ് കോളജിൽ പൂർവ വിദ്യാർഥികളുടെ സംഗമം നടന്നു. കോളേജ് പൂർവ വിദ്യാർഥിയും അധ്യാപകനും മനേജരും ആയിരുന്ന കര്യാക്കോസ് മാർ ക്ലീമിസ് വലിയ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. റെനി പി. വർഗീസ് അധ്യക്ഷത വഹിച്ചു. ഫാ. ഡോ. എം.ഒ. ജോൺ, ഡോ. സിന്ധു ജോൺസ്, ഡോ. വറുഗീസ് കൊപ്പാറ, ഡോ.ബിനോയ് റ്റി.തോമസ്, ഡോ. മാത്യുസ് ജോർജ്, ഷാജി മഠത്തിലേത്ത്, എ. റഷീദ, സുരേഷ് സോമ, ഡോ. ഫിലിപ്പോസ് ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

കുവൈറ്റ് ചാപ്റ്റർ ഏർപ്പെടുത്തിയ സ്കോളർഷിപ്പ് വിതരണവും യുണിവേഴ്സിറ്റി റാങ്ക് ജേതാക്കളെ ആദരിക്കലും . വിവിധ കലാപരിപാടികളും നടന്നു. ജനറൽ ബോഡിയിൽ പുതിയ ഭാരവാഹികളായി ഷാജി മഠത്തിലേത്ത് വൈസ് പ്രസിഡൻറ്, എ. റഷിദ് ജോയിൻറ് സെക്രട്ടറി എന്നിവരെയും കമ്മറ്റി അംഗങ്ങളായി ഫാ. ജിത്തു തോമസ്, സാമുവേൽ കിഴക്കുപുറം, അബ്ദുൾ കലാം അസാദ്, അഡ്വ. ഷിനാജ്, ജോർജ് വർഗീസ് തെങ്ങുംതറയിൽ, മാത്യു വർഗീസ്,ഏബൽ മാത്യൂസ്, ബിജൂ കുടൽ, സുരേഷ് സോമ, തോമസ് കെ. സുമ ജോൺ എന്നിവരെയും തെരഞ്ഞെടുത്തു.

# സമൂഹനന്മയ്ക്കായി വൈഎംസിഎ മാറണം: ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത

**തിരുവല്ല:** ദൈവം നൽകിയ കഴിവുകളും സാധ്യതകളും മറ്റുള്ളവർക്കായി പങ്കുവയ്ക്കുന്നതാണ് വൈഎംസിഎയുടെ ദൗത്യമെന്ന് ആർച്ച്ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത. സ്വന്തം കഴിവുകളും വിഭവങ്ങളും സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്ന കൂട്ടായ്മയായി വൈഎംസിഎ മാറണം.

സ്നേഹത്തിൽ അധിഷ്ഠിതമായി, സ്വയം പ്രേരിതമായി മറ്റുള്ളവരെ കരുതുകയും സമാധാനപൂർണമായ ജീവിതം സാധ്യമാകുന്ന ലോകക്രമത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്ന സമൂഹമായി വളരണമെന്നും അദ്ദേഹം പറഞ്ഞു.

തിരുവല്ല വൈഎംസിഎയുടെ പ്രവർത്തനോദ്ഘാടനം നിർവഹിക്കുകയാണ്ടയിരുന്നു അദ്ദേഹം.

വൈഎംസിഎ പ്രസിഡൻറ് ജയിംസ് ടി. അധ്യക്ഷത വഹിച്ചു. അഡ്വ. വർഗീസ് മാമ്മൻ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി.

മികച്ച സാംസ്കാരിക സംഭാവനയ്ക്കുള്ള വൈഎംസിഎയുടെ ആദരം പ്രശസ്ത ചലച്ചിത്ര സംവിധായകൻ ബ്ലെസി ഐപ്പ് തോമസ് ഏറ്റുവാങ്ങി. രാജസ്ഥാൻ സർക്കാരിന്റെ അക്കൗണ്ടൻറ് ജനറലിൻറെ അഡ്വൈസറി ബോർഡ് അംഗമായി നിയമിതനായ ജോർജ് ചെറിയാനെയും ചടങ്ങിൽ ആദരിച്ചു.വൈഎംസിഎ ദേശീയ എക്യുമെനിക്കൽ ആൻഡ് ഇൻറർറിലീജിയസ് കമ്മിറ്റി ചെയർമാൻ ലിനോജ് ചാക്കോ, വൈഡബ്ല്യുസിഎ പ്രസിഡൻറ് ഐറിൻ കോശി, വൈസ്മെൻസ് ക്ലബ് പ്രസിഡൻറ് ജിജു മാത്യു പുലിയേലിൽ, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ പ്രൊഫ. കുര്യൻ ജോൺ, എ.ജി. ജോർജ്, ജോർജ് മാത്യു, തോമസ് വർഗീസ്, അഡ്വ. കുരുവിള വർഗീസ്, ലിയോൺ വർഗീസ് ഏബ്രഹാം, പാസ്റ്റർ സി.പി. മോനായി, സെക്രട്ടറി ജോയി ജോൺ, എന്നിവർ പ്രസംഗിച്ചു.ടേബിൾ ടെന്നീസിൽ ജില്ലാ തലത്തിൽ വിജയികളായവർക്ക് ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.




# അമലയുടെ സൂപ്പർ സ്പെഷാലിറ്റി സെൻറർ ഒന്നാം വാർഷികം

**തൃശൂർ:** അമല മെഡിക്കൽ കോളജ് പട്ടിക്കാട് ആരംഭിച്ച സൂപ്പർ സ്പെഷാലിറ്റി സെൻറർ ഒന്നാംവാർഷിക ഉദ്ഘാടനം പാണഞ്ചേരി പഞ്ചായത്ത് പ്രസിഡൻറ് മിനു വർഗീസ് നിർവഹിച്ചു. പാണഞ്ചേരി പഞ്ചായത്തുമായി സഹകരിച്ച് ഒരു വർഷം നീളുന്ന വിവിധ സാമൂഹ്യ, ആരോഗ്യ, സുരക്ഷാപദ്ധതി പ്രതീക്ഷയുടെ ധാരണാപത്രം ഏറ്റുവാങ്ങിയായിരുന്നു ഉദ്ഘാടനം.

ദേവമാത വികാർ പ്രൊവിൻഷ്യാൾ ഫാ. സണ്ണി പുന്നേലിപ്പറമ്പിൽ സിഎംഐ, കെഎഫ്ആർഐ ഡയറക്ടർ ഡോ. കണ്ണൻ വാര്യർ, ജില്ലാ പഞ്ചായത്ത് മെമ്പർ അഭിലാഷ്, സിനിമാതാരം അമിത ഏലിയാസ്, കേരള വ്യാപാര വ്യവസായി ഏകോപന സമിതി പ്രസിഡൻറ് ജോബി പറപ്പിള്ളി, വൈഎംഐ പ്രസിഡൻറ് ജോണി, എകെടിഎ കുതിരാൻ ഏരിയ സെക്രട്ടറി ജയ, ചാക്കോ മെമ്മോറിയൽ ഹോസ്പിറ്റലിലെ ഡോ. ഗ്രെയ്സ്, ഡോ. മോൻസി, അമല ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ സിഎംഐ, ജോയിൻറ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരയ്ക്കൽ സിഎംഐ, ഗ്യാസ്ട്രോ വിഭാഗം മേധാവി ഡോ. സോജൻ ജോർജ് എന്നിവർ പ്രസംഗിച്ചു.

# ഓണം വിപണന മേള 21 മുതൽ

**കൽപ്പറ്റ:** ഓണാഘോഷത്തിന് മാറ്റുകൂട്ടാൻ കുടുംബശ്രീയുടെ ജില്ലാതല ഓണം വിപണനമേള 21 മുതൽ മാനന്തവാടി മൈസൂരു റോഡിൽ ആരംഭിക്കും. കുടുംബശ്രീ സംരംഭകരുടെ വിഷരഹിത പച്ചക്കറികൾ, നാടൻ ഉത്പന്നങ്ങൾ, പലഹാരങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയവ മേളയിൽ നേരിട്ട് ലഭ്യമാകും. നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടുത്തി പ്രത്യേക ഓണക്കിറ്റുകളും കുടുംബശ്രീ വിപണിയിലിൽ എത്തിക്കുന്നുണ്ട്. പ്രധാന ഓണ വിഭവങ്ങൾ അടങ്ങിയതാണ് കിറ്റ്. 500 രൂപ മുതൽ 750 രൂപ വരെയുള്ള കിറ്റുകൾ സിഡിഎസുകൾ വഴിയാണ് വിതരണം ചെയ്യുന്നത്. അഗതികളായ വനിതകൾക് സൗജന്യമായി കിറ്റ് നൽകും. പോക്കറ്റ് മാർട്ട് വഴിയും ഓൺലൈനായും ഉത്പന്നങ്ങൾ ലഭ്യമാണ്.

ജില്ലയിലെ എല്ലാ സിഡിഎസുകളിലും ഓണം വിപണന മേളകൾ സംഘടിപ്പിക്കും. ഗ്രാമീണ മേഖലയിലുള്ളവർക്ക് തൊട്ടടുത്തുള്ള മേളകളിൽ നിന്ന് ഓണവിപണി പ്രയോജനപ്പെടുത്താം. വാഴയില മുതൽ രണ്ടുകൂട്ടം പായസംവരെ ഇരുപതിലേറെ വിഭവങ്ങളുമായാണ് കുടുംബശ്രീയുടെ ഓണ സദ്യ. വിഭവങ്ങളുടെയും പായസങ്ങളുടേയും എണ്ണമനുസരിച്ചാണ് സദ്യയുടെ വില. 17 കൂട്ടം വിഭവങ്ങളുള്ള സദ്യക്ക് 210 രൂപയും 21 കൂട്ടത്തിന് 250 രൂപയുമാണ്. കുറഞ്ഞത് അഞ്ച് സദ്യയെങ്കിലും ഒരു ഓർഡറിൽ വേണം. ഓഗസ്റ്റ് 24 വരെ ഓണസദ്യ വിതരണം നടത്തും.

രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് രണ്ട് വരെയാണ് ഓർഡർ സ്വീകരിക്കുന്നത്. മുൻകൂട്ടി നൽകുന്ന ഓർഡറുകൾ വീടുകളിൽ എത്തിക്കും. ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ യൂണിറ്റുകൾക്ക് സദ്യ തയാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും പരിശീലനം നൽകിയിരുന്നു

# പൂക്കളമൊരുക്കാൻ ഡോൺ ബോസ്കോ ജമന്തിപൂക്കൾ

**കൊല്ലം:** ഓണത്തിന് പൂക്കളമൊരുക്കാൻ മുണ്ടയ്ക്കൽ ഡോൺ ബോസ്കോയിൽ ജമന്തി പൂക്കൾ വിരിഞ്ഞു. 200 ഓളം ജമന്തികളാണ് പൂക്കളുമായി നിൽക്കുന്നത്.

ഡോൺ ബോസ്കോ ഡയറക്ടർ ഫാ.ആൻറണി ജോസഫ് പണിക്കരുകുന്ന് എസ്ഡിബിയുടെ നേതൃത്വത്തിൽ പച്ചക്കറി, വാഴകൃഷികളും ഡോൺ ബോസ്കോ അങ്കണത്തിൽ നടത്തിവരുന്നു. നൂറിലധികം ഏത്തവാഴ നല്ല രീതിയിൽ തഴച്ചുവളർന്നു നിൽക്കുന്നു. അടുത്തമാസത്തോടെ വാഴകൾ കുലയ്ക്കും. 30 മൂടിൽ അധികം രസകദളി വാഴയും വച്ചു പിടിപ്പിച്ചിട്ടുണ്ട്. കുറേ ഭാഗത്ത് തട്ടുകളായി തിരിച്ച് ഇഞ്ചിയും മഞ്ഞളും കൃഷിയിറക്കിയിരിക്കുന്നു. വള്ളിപ്പയർ വളർന്നു വരുന്നതേയുള്ളൂ. കാച്ചിൽ, മരച്ചീനി, എന്നിവയും കൃഷിയിറക്കിയിട്ടുണ്ട്.

ഡോൺ ബോസ്കോ അങ്കണത്തിൽ ഒരാൾ പൊക്കത്തിൽ കാട് വളർന്നു പന്തലിച്ചു കിടക്കുകയായിരുന്നു. കാട് വെട്ടിമാറ്റിയാലും രണ്ടാഴ്ച പിന്നിടുമ്പോൾ പഴയ രീതിയിൽ വളരുമായിരുന്നു. കാട് വളരുന്നതു പ്രതിരോധിക്കാനായാണ് ആദ്യം കൃഷിയിറക്കിയത്. മികച്ച രീതിയിൽ വിളവ് ലഭിച്ചു.

ഇതേതുടർന്ന് ജെസിബി ഉപയോഗിച്ച് ഭൂമി കിളച്ച് വാഴയും പച്ചക്കറികളും നട്ടത് വലിയ വിജയമായി മാറി. കൃഷിയും കൃഷിക്കൂലിയും ഒത്തുനോക്കിയാൽ ലാഭം കിട്ടുന്നില്ലെന്ന് ഫാ. ആൻറണി ജോസഫ് പണിക്കരുകുന്ന് പറയുന്നു. ഉയർന്ന ജോലിക്കൂലിയാണ് നേരിടുന്ന വിഷയം.

ഡോൺ ബോസ്കോയുടെ വൈദികൻ എന്ന നിലയിലെ ജോലിത്തിരക്കിനിടയിൽ വാഴയ്ക്ക് യഥാസമയങ്ങളിൽ വെള്ളം നൽകാൻ പോലും കഴിയുന്നില്ലെന്ന് അദ്ദേഹം പറയുന്നു. വാഴയ്ക്കും പച്ചക്കറികൾക്കും വളമിടാനും പുല്ലുപറിക്കാനുമായി സഹായിയായി ജോലിക്ക് ആളെ വച്ചിട്ടുണ്ട്.

കാർഷിക മേഖലയിൽ നിന്ന് സെമിനാരിയിൽ ചേർന്നയാളാണ് ഫാ. ആൻറണി ജോസഫ് പണിക്കര് കുന്ന്. കോട്ടയത്തു നിന്ന് കണ്ണൂർ ആലക്കോട് വായാട്ടുകവലയിലേക്കു കുടിയേറിയ തലമുറയിലെ പിന്മുറക്കാരൻ. മലയോര മേഖലയിൽ കാർഷിക കുടുംബത്തിൽ നിന്നു ലഭിച്ച കാർഷിക പരിശീലനമാണ് കൃഷിയോടുള്ള അഭിനിവേശം അണയാതെ കാത്തുസൂക്ഷിക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# പോഷകാഹാരവും വിഴുങ്ങൽ പ്രശ്നങ്ങളും: അസെൻഡ് 2026 ദേശീയ സമ്മേളനം അമൃത ആശുപത്രിയിൽ നടന്നു

**കൊച്ചി:** തെളിവുകളുടെ അടിസ്ഥാനത്തിലുള്ള പോഷകാഹാര ചികിത്സയെയും വിഴുങ്ങൽ പ്രശ്നങ്ങളുടെ സമഗ്ര പരിചരണത്തെയും കേന്ദ്രീകരിച്ച് അസെൻഡ് 2026 ദേശീയ സമ്മേളനം കൊച്ചി അമൃത ആശുപത്രിയിൽ സംഘടിപ്പിച്ചു. ഓഗസ്റ്റ് 14 മുതൽ 16 വരെ നടന്ന സമ്മേളനം അമൃത ആശുപത്രിയിലെ ക്ലിനിക്കൽ ന്യൂട്രീഷൻ വിഭാഗവും ഡിഗ്ലൂട്ടോളജി (ഹെഡ് ആൻഡ് നെക്ക് സർജറി) വിഭാഗവും സംയുക്തമായാണ് സംഘടിപ്പിച്ചത്.

'നരിഷ് ടു സ്വാളോ' എന്ന പ്രമേയത്തിൽ നടന്ന സമ്മേളനത്തിൽ പോഷകാഹാരം, വിഴുങ്ങൽ സംബന്ധമായ പ്രശ്നങ്ങൾ, രോഗീപരിചരണം എന്നിവയിലെ പുതിയ ചികിത്സാ രീതികളും ശാസ്ത്രീയ സമീപനങ്ങളും ചർച്ച ചെയ്തു. ഡോക്ടർമാർ, ഡീഗ്ലൂട്ടോളജിസ്റ്റുകൾ, ഡയറ്റീഷ്യൻമാർ, ഫിസിയാട്രിസ്റ്റുകൾ, സ്പീച്ച്ലാംഗ്വേജ് പാത്തോളജിസ്റ്റുകൾ, ഗവേഷകർ, വിദ്യാർഥികൾ തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധർ സമ്മേളനത്തിൽ പങ്കെടുത്തു.

പ്രീകോൺഫറൻസ് വർക്ക്ഷോപ്പോടെയാണ് സമ്മേളനത്തിന് തുടക്കമായത്. തുടർന്ന് ഓങ്കോളജി, ജെറിയാട്രിക്സ്, പീഡിയാട്രിക്സ് തുടങ്ങിയ മേഖലകളിലെ പോഷകാഹാര പരിചരണവും ഡിസ്ഫാജിയ മാനേജ്മെന്റും സംബന്ധിച്ച വിദഗ്ധ പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, കേസ് പഠനങ്ങൾ, ഗവേഷണ പ്രബന്ധ പോസ്റ്റർ അവതരണങ്ങൾ എന്നിവ നടന്നു. സമ്മേളനത്തിന്റെ ഉദ്ഘാടനം പ്രശസ്ത ലാറിംഗോളജിസ്റ്റ് (ശബ്ദനാളിതൊണ്ട രോഗവിദഗ്ധൻ) ഡോ. ജയകുമാർ ആർ. മേനോൻ നിർവഹിച്ചു. ചടങ്ങിൽ അമൃത ആശുപത്രിയിലെ ഹെഡ് ആൻഡ് നെക്ക് സർജറി വിഭാഗം മേധാവി ഡോ. സുബ്രഹ്മണ്യ അയ്യർ 'ബഹുമേഖലാ സമീപനത്തിലൂടെ ഡിസ്ഫാജിയ പരിചരണം മെച്ചപ്പെടുത്തൽ' എന്ന വിഷയത്തിൽ സന്ദേശം നൽകി. ക്ലിനിക്കൽ ന്യൂട്രീഷൻ വിഭാഗം മേധാവി ഡോ. നിവേദിത പവിത്രൻ സമ്മേളനത്തിന്റെ ലക്ഷ്യങ്ങളും കാഴ്ചപ്പാടുകളും അവതരിപ്പിച്ചു.രോഗികളുടെ പോഷകാഹാരവും വിഴുങ്ങൽ ശേഷിയും മെച്ചപ്പെടുത്തുന്നതിനായി വിവിധ മെഡിക്കൽ വിഭാഗങ്ങൾ തമ്മിലുള്ള ഏകോപിതമായ സമീപനത്തിന്റെ പ്രാധാന്യം സമ്മേളനം ചർച്ച ചെയ്തു. രോഗികേന്ദ്രീകൃതവും ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിലുള്ളതുമായ പോഷകാഹാരഡിസ്ഫാജിയ പരിചരണത്തിന് കൂടുതൽ പ്രാധാന്യം നൽകുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യമെന്ന് സംഘാടകർ അറിയിച്ചു.

# വസ്ത്ര വിപണി സജീവം; നാടും നഗരവും ഓണത്തിരക്കിലേക്ക്



**കൊല്ലം:** ഓണക്കാലമെത്തിയതോടെ ജില്ലയിലെ വസ്ത്ര വിപണിയിൽ വൻ തിരക്കും ഉണർവുമാണ് അനുഭവപ്പെടുന്നത്. ചിന്നക്കട, പോളയത്തോട്, കൊട്ടാരക്കര, കരുനാഗപ്പള്ളി, പുനലൂർ തുടങ്ങിയ പ്രധാന വ്യാപാര കേന്ദ്രങ്ങളിലെല്ലാം വസ്ത്രശാലകൾ ഉപഭോക്താക്കളെ ആകർഷിക്കാൻ സജ്ജമായി കഴിഞ്ഞു.

ഓണത്തിന്റെ പ്രധാന ആകർഷണമായ കസവ് പുടവകൾ, സെറ്റ് മുണ്ടുകൾ, കൈത്തറി മുണ്ടുകൾ, കുട്ടികൾക്കായുള്ള പട്ടുപാവാടകൾ എന്നിവയ്ക്ക് വിപണിയിൽ വൻ ഡിമാൻഡാണ്. കൈത്തറി ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഹാൻഡ്‌വീവ്, ഹാൻഡ്‌ലൂം ഔട്ട്ലെറ്റുകളിൽ പ്രത്യേക ഡിസ്കൗണ്ടുകളും സർക്കാർ സഹായത്തോടെയുള്ള മേളകളും സജീവമാണ്.

പരമ്പരാഗത ശൈലിക്കൊപ്പം ഫ്യൂഷൻ വസ്ത്രങ്ങൾക്കും ട്രെൻഡി റെഡിമേഡ് ഡ്രസുകൾക്കും യുവാക്കൾക്കിടയിൽ പ്രിയമേറെയാണ്. ഡിസൈനർ സാരികൾ, കുർത്തകൾ, ഇന്തോവെസ്റ്റേൺ കോമ്പോകൾ എന്നിവയ്ക്കായി പ്രമുഖ ടെക്സ്റ്റൈൽ ഷോറൂമുകളിൽ വൻ തിരക്കാണ് അനുഭവപ്പെടുന്നത്.

ഉപഭോക്താക്കളെ ആകർഷിക്കാൻ തുണിക്കടകൾ വൻ വിലക്കിഴിവുകളും ആകർഷകമായ സമ്മാന പദ്ധതികളും (സ്ക്രാച്ച് ആൻഡ് വിൻ, ക്യാഷ് ബാക്ക്, ബൈവൺ ഗെറ്റ് വൺ) ഒരുക്കിയിട്ടുണ്ട്. കച്ചവടം രാത്രി വൈകിയും നീളുന്നതിനാൽ നഗരത്തിൽ പ്രത്യേക പൊലീസ് സുരക്ഷയും ഗതാഗത ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ചിന്നക്കട പോലെയുള്ള പ്രധാന കേന്ദ്രങ്ങളിൽ പാർക്കിംഗ് സൗകര്യങ്ങളും വിപുലീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ പേയ്മെൻറുകൾ വർധിച്ചതും വൈകുന്നേരങ്ങളിലെ കുടുംബസമേതമുള്ള ഷോപ്പിംഗും ജില്ലയിലെ ഓണം വസ്ത്ര വിപണിയെ കൂടുതൽ സജീവമാക്കുന്നു.

# ആലപ്പുഴ, എറണാകുളം ജില്ലകളെ ബന്ധിപ്പിച്ച് ഒരു പാലം കൂടി; കുമ്പളങ്ങി പാലം നിർമാണം 45% പൂർത്തിയായി



**തുറവൂർ:** കുമ്പളങ്ങി പാലം പണി 45 ശതമാനം പൂർത്തിയായി. ആലപ്പുഴ, എറണാകുളം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ് പാലം. 32.48 കോടി രൂപ ചെലവിട്ടാണ് പാലം നിർമിക്കുന്നത്. കിഫ്ബിയാണ് തുക അനുവദിച്ചിരിക്കുന്നത്. പൊതുമരാമത്തുവകുപ്പിന്റെ കീഴിലുള്ള കേരള റോഡ് ഫണ്ട് ബോർഡിനാണ് നിർമാണച്ചുമതല. പാലവും അപ്രോച്ച് റോഡും 2 വശങ്ങളിലും താൽക്കാലിക ബോട്ട് ജെട്ടിയും സ്ഥാപിച്ചതിന് ശേഷമായിരുന്നു പാലം പണി തുടങ്ങിയത്.

ഒരു തൂണിനായി 60 മീറ്റർ മുതൽ 65 മീറ്റർ താഴ്ചയിൽ 6 കോൺക്രീറ്റ് പൈലുകളാണ് സ്ഥാപിച്ചത്. ഇത്തരത്തിൽ 9 തൂണുകൾക്കായി 58 കോൺക്രീറ്റ് പൈലുകളുടെ നിർമാണം പൂർത്തിയായി. 6 തൂണുകൾക്കുള്ള പൈലുകൾക്ക് മുകളിൽ പൈൽ ക്യാപിന്റെ കോൺക്രീറ്റും പൂർത്തിയായി. ഇനി മൂന്ന് പൈൽ ക്യാപുകൾ സ്ഥാപിക്കണം. ഇതിൽ 2 തൂണിന്റെ പൈൽ ക്യാപ് കോൺക്രീറ്റ് ചെയ്യാനുള്ളത് കായലിലാണ്. കാലവർഷം മൂലം കായലിൽ ജല നിരപ്പ് ഉയർന്നതിനാൽ കായലിൽ നിർമിക്കുന്ന 2 തൂണുകൾക്കുള്ള പൈൽ ക്യാപ് സ്ഥാപിക്കാനായില്ല.

ജലനിരപ്പ് താഴ്ന്നതിനു ശേഷം വേലിയിറക്ക സമയത്ത് പൈൽ ക്യാപിന്റെ തട്ടൊരുക്കുതിന് കമ്പികൾ കെട്ടി കോൺക്രീറ്റ് സ്ഥാപിക്കും. പൈലുകൾക്ക് മുകളിൽ പൈൽ ക്യാപ് സ്ഥാപിച്ചതിനു ശേഷം ഇതിനു മുകളിലേക്ക് ഇരുമ്പിന്റെ എൻ ഗർഡർ സ്ഥാപിച്ച് കോൺക്രീറ്റ് ചെയ്ത് ഉറപ്പിച്ചതിനു ശേഷമാണ് ഗർഡറുകൾ സ്ഥാപിക്കുന്നത്.

കുമ്പളങ്ങി ഭാഗത്ത് 110 മീറ്ററും അരൂർ ഭാഗത്ത് 136 മീറ്ററും നീളത്തിൽ അപ്രോച്ച് റോഡുകൾ ബിഎംബിസി നിലവാരത്തിൽ നിർമിക്കും. കാലവർഷവും ജങ്കാർ സർവീസ് മാറ്റി സ്ഥാപിക്കാത്തതും തിരഞ്ഞെടുപ്പമായി ബന്ധപ്പെട്ട് അതിഥി തൊഴിലാളികൾ നാട്ടിലേക്കു പോയത് മൂലം 90 ദിവസമാണ് നിർമാണ പ്രവർത്തനം മുടങ്ങിയത്.



# കൊച്ചിയുടെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം

## ആലുവയിലെ 190 എം.എൽ.ഡി ജലശുദ്ധീകരണ പ്ലാന്റിന് സാങ്കേതിക അനുമതി

**കൊച്ചി:** കൊച്ചിയുടെ ദീർഘകാല കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി ആലുവയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രതിദിനം 190 ദശലക്ഷം ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള ജലശുദ്ധീകരണ പ്ലാന്റിന് സാങ്കേതിക അനുമതി ലഭിച്ചു. പദ്ധതിയുടെ യാഥാർത്ഥ്യവൽക്കരണത്തിനായി തുടക്കം മുതൽ ഇടപെട്ടുവരുന്ന ടി. ജെ. വിനോദ് എം.എൽ.എയുടെ നിരന്തരമായ ഇടപെടലിന്റെ ഫലമായി പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ നിർണായക ഘട്ടത്തിലെത്തിയിരിക്കുകയാണ്. കൊച്ചിയുടെ കുടിവെള്ള ക്ഷാമത്തിന് ദീർഘകാല പരിഹാരം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലെ നടപടികൾ വേഗത്തിലാക്കുന്നതിന് എം.എൽ.എ ബന്ധപ്പെട്ട വകുപ്പുകളുമായി നിരന്തരം ഇടപെട്ടുവരികയാണ്. സാങ്കേതിക അനുമതി ലഭിച്ചതോടെ പദ്ധതി നടപ്പാക്കുന്നതിലെ പ്രധാന കടമ്പയാണ് ഇപ്പോൾ പിന്നിട്ടിരിക്കുന്നത്. ഇനി ടെൻഡർ നടപടികളിലേക്ക് കടക്കുന്നതിനുള്ള നടപടികൾ മാത്രമാണ് അവശേഷിക്കുന്നത്.

എന്നാൽ ടെൻഡർ നടപടികൾ ആരംഭിക്കുന്നതിന് മുമ്പായി പദ്ധതിയുടെ സാങ്കേതിക അനുമതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് അധികൃതർ പരിശോധിച്ച് അംഗീകാരം നൽകേണ്ടതുണ്ട്. ഇത് സംബന്ധിച്ച നടപടികൾ അനാവശ്യമായ കാലതാമസമില്ലാതെ പൂർത്തിയാക്കണമെന്ന് ടി. ജെ. വിനോദ് എം.എൽ.എ നിർദ്ദേശിച്ചു. സാങ്കേതിക അനുമതിയുടെ വിശദാംശങ്ങൾ അടങ്ങിയ ഫയൽ വകുപ്പിലെ മേലധികാരി മുഖേന അടിയന്തരമായി എഡിബിക്ക് സമർപ്പിച്ച് അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എം.എൽ.എ ആവശ്യപ്പെട്ടു. എഡിബിയുടെ അംഗീകാരം ലഭിച്ച ഉടൻ ടെൻഡർ നടപടികളിലേക്ക് കടക്കാനും പദ്ധതി സമയബന്ധിതമായി യാഥാർഥ്യമാക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതി പൂർത്തിയാകുന്നതോടെ കൊച്ചിയിലെയും സമീപ പ്രദേശങ്ങളിലെയും കുടിവെള്ള വിതരണ രംഗത്ത് വലിയ മാറ്റമുണ്ടാക്കാനും, നിലവിൽ നേരിടുന്ന കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം ഒരുക്കാനും സാധിക്കുമെന്ന് ടി. ജെ. വിനോദ് എം.എൽ.എ വ്യക്തമാക്കി.കൊച്ചിയുടെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം ഉറപ്പാക്കുന്നതിനുള്ള പദ്ധതിക്ക് ആവശ്യമായ എല്ലാ തുടർ നടപടികളും വേഗത്തിലാക്കാൻ തന്റെ ഭാഗത്തുനിന്നുള്ള ഇടപെടൽ തുടരുമെന്നും എം.എൽ.എ അറിയിച്ചു.



# വരും തലമുറക്ക് വേണ്ടി ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കണം: ജസ്റ്റിസ് എബ്രഹാം മാത്യു

**കൊച്ചി:** മതന്യൂനപക്ഷങ്ങൾക്ക് ഭയാശങ്കയോടെ ജീവിക്കേണ്ട സാഹചര്യമാണ് രാജ്യത്ത് നിലനിൽക്കുന്നതെങ്കിൽ അതിനെ ജനാധിപത്യരാഷ്ട്രമെന്ന് വിളിക്കാൻ സാധിക്കില്ലെന്ന് ജസ്റ്റിസ് എബ്രഹാം മാത്യു അഭിപ്രായപ്പെട്ടു. കേരള കാത്തലിക്ക് ഫെഡറേഷൻ (കെ.സി.എഫ്) സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'സ്വാതന്ത്ര്യ സ്മൃതി സംഗമം' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നാം ജീവിക്കുന്ന സമൂഹത്തിൽ തിന്മ കണ്ട് പ്രതികരിച്ചില്ലെങ്കിൽ നമ്മളും തിന്മ ചെയ്യുകയാണ് എന്നുള്ള ബോധ്യം ഉണ്ടാകണം. പ്രതികരിക്കേണ്ടിടത്ത് നിർഭയം പ്രതികരിക്കണം. വരുന്ന തലമുറയ്ക്ക് വേണ്ടി നാം ചെയ്യേണ്ട ഒരു പ്രധാനപ്പെട്ട കാര്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനമായ എറണാകുളം പിഒസി യിൽ വച്ച് നടന്ന പരിപാടിയിൽ സംസ്ഥാന പ്രസിഡന്റ് ബിജു ജോസി കരുമാഞ്ചേരി അധ്യക്ഷനായിരുന്നു. കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഫാ. തോമസ് തറയിൽ, കെ.സി.എഫ് സംസ്ഥാന ജനറൽ സെക്രട്ടറി വി സി ജോർജ് കുട്ടി, കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് പ്രഫ. രാജീവ് കൊച്ചുപറമ്പിൽ, മുൻ പ്രസിഡന്റ് അഡ്വ ബിജു പറയനിലം, കെ എൽ സി എ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ തോമസ്,കെ, സി എഫ് വൈസ് പ്രസിഡന്റ് ജെയ്മോൻ തോട്ടുപുറം, സെക്രട്ടറി ടെസ്സി ബിജു, ബെന്നി ആന്റണി, മേഖലാ കൺവീനർ റോയ് ഡിക്കുഞ്ഞ, ജോയിന്റ് കൺവീനന്മാരായ ജേക്കബ് ഞരക്കാട്ട്, ബിനോയ് ടി ഡി എന്നിവർ പ്രസംഗിച്ചു.

# ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിൽ പുതിയ അധ്യായന വർഷത്തിന് തുടക്കമായി

**പിറവം:** ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിൽ പുതിയ അധ്യായന വർഷത്തിന് തുടക്കമായി. ചിന്മയ ഇന്റർനാഷണൽ ഫൗണ്ടേഷനിലെ സ്വാമി ശാരദാനന്ദ സരസ്വതിയുടെ നേതൃത്വത്തിൽ നടന്ന ഗായത്രി ഹോമത്തോടെയാണ് പുതിയ അധ്യായന വർഷത്തിലേയ്ക്ക് വിദ്യാർഥികൾ ചുവടുവച്ചത്. ഓണക്കൂറിലെ ലളിതപ്രതിഷ്ഠാനിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിലായിരുന്നു ചടങ്ങുകൾ. പുതിയ അധ്യായന വർഷം പ്രവേശനം നേടിയ വിദ്യാർഥികൾക്കായി വിദ്യാർഥി ഹോമവും നടന്നു. സ്വാമി ശാരദാനന്ദ സരസ്വതി വിദ്യാർഥികളെ അഭിസംബോധന ചെയ്തു. ജീവിതത്തിലെ ഏറ്റവും വഴിത്തിരിവായ കാലഘട്ടത്തിലേയ്ക്കാണ് പ്രവേശിക്കുന്നതെന്ന് അദ്ദേഹം വിദ്യാർഥികളെ ഓർമ്മിപ്പിച്ചു. വിദ്യാഭ്യാസമാണ് ഒരു നല്ല മനുഷ്യനെ സമൂഹത്തിന് സംഭവന ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. മനോജ്കുമാർ അറോറ, ഡീൻ അക്കാദമിക്സ് പ്രൊഫ. അനുരാധ പരാശർ തുടങ്ങിയവർ വിദ്യാർഥികളെ അഭിസംബോധന ചെയ്തു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ആയിരത്തിലേറെ വിദ്യാർഥികളാണ് ഇക്കുറി സർവകലാശാലയിൽ പ്രവേശനം നേടിയത്.



# കൊച്ചി മെട്രോയ്ക്ക് പുതിയ വെബ്സൈറ്റ്; തയ്യാറാക്കി കുസാറ്റ് വിദ്യാർത്ഥികൾ

**കൊച്ചി:** കൊച്ചി മെട്രോ റെയിൽ, കൊച്ചി വാട്ടർ മെട്രോ, ഫീഡർ ബസ് സർവീസുകൾ തുടങ്ങിയവയുടെ വിവരങ്ങൾ ഏകോപിപ്പിച്ച് ലഭ്യമാകുന്ന രീതിയിൽ കൊച്ചി മെട്രോയുടെ പുതിയ വെബ്സൈറ്റ് പ്രവർത്തനസജ്ജമായി. ഉപയോക്താക്കളുടെ മാറിവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് മികച്ച സാങ്കേതിക നിലവാരത്തോടെയാണ് വെബ്സൈറ്റ് പുതുക്കിയിരിക്കുന്നത്.

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ആവശ്യപ്പെട്ടതനുസരിച്ച് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) വിദ്യാർത്ഥികൾ തയ്യാറാക്കിയ പുതിയ വെബ്സൈറ്റ് കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ജുനൈദ് ബുഷിരി, ലോക്നാഥ് ബെഹ്റ, (റിട്ട. ഐ.പി.എസ്). എന്നിവരും ചേർന്ന് പ്രകാശനം ചെയ്തു.

മികച്ച നിലവാരത്തിലുള്ള വെബ്സൈറ്റ് തയ്യാറാക്കുന്നതിന് പ്രവർത്തിച്ച വിദ്യാർത്ഥികളെ വൈസ് ചാൻസലർ അഭിനന്ദിച്ചു. ഗണ്ഞഘലമായി തുടർന്നും വിവിധ മേഖലകളിൽ സഹകരിക്കാൻ സർവകലാശാല സന്നദ്ധമാണെന്നും വിവിധ മേഖലകളിൽ വിദഗ്ധ സേവനങ്ങൾ നൽകാൻ ശേഷിയുള്ള സ്ഥാപനമാണ് കുസാറ്റെന്നും അദ്ദേഹം പറഞ്ഞു.

വെബ്സൈറ്റ് പരിഷ്കരണത്തിന് സ്വകാര്യ കമ്പനികൾ ആറ് മാസം വരെ സമയമെടുക്കുമെന്ന് അറിയിച്ച സാഹചര്യത്തിലാണ് കുസാറ്റിലെ അഞ്ചാം സെമസ്റ്റർ ഐ.ടി. വിദ്യാർത്ഥികൾ വെറും മൂന്ന് ആഴ്ചകൊണ്ട് പുതിയ വെബ്സൈറ്റ് തയ്യാറാക്കി നൽകിയതെന്ന് KMRL മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ പറഞ്ഞു. പ്രതീക്ഷിച്ചതിലും വേഗത്തിൽ മാത്രമല്ല, മികച്ച നിലവാരത്തിലും വെബ്സൈറ്റ് തയ്യാറാക്കാൻ കുസാറ്റ് വിദ്യാർത്ഥികൾക്ക് കഴിഞ്ഞു. സഹകരിക്കാൻ കഴിയുന്ന എല്ലാ മേഖലകളിലും കുസാറ്റുമായി സഹകരിക്കാൻ KMRL തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.

അഡീഷണൽ ജനറൽ മാനേജർ ഗോകുൽ ടി.ജി. പദ്ധതി വിശദീകരിച്ചു.

കുസാറ്റ് ഇൻഫർമേഷൻ ടെക്നോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ദലീഷ എം. വിശ്വനാഥിന്റെ മേൽനോട്ടത്തിലാണ് വിദ്യാർത്ഥികൾ വെബ്സൈറ്റ് തയ്യാറാക്കിയത്. ജയസൂര്യ ജയകുമാർ, അലൻ ഫിലിപ്പ്, ഹാഫിസ് ഹുസൈൻ, മുഹമ്മദ് ദിൽഷാൻ സി. എന്നിവരാണ് പദ്ധതിയിൽ പ്രവർത്തിച്ച വിദ്യാർത്ഥികൾ.

കുസാറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ, രജിസ്ട്രാർ പ്രൊഫ. ഡോ. എ.യു. അരുൺ, പരീക്ഷാ കൺട്രോളർ ഡോ. എൻ. മനോജ്, ഫിനാൻസ് ഓഫീസർ ഗിരീഷ് കുമാർ പി.ജി., വകുപ്പ് മേധാവികൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

വെബ്സൈറ്റ് തയ്യാറാക്കുന്നതിൽ പങ്കാളികളായ കുസാറ്റ് വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകൾ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ വിതരണം ചെയ്തു.

## എം.ജി സർവകലാശാല

### പ്രാക്ടിക്കൽ

ഒന്നു മുതൽ നാലു വർഷ എംഎൽടി അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് (2008 മുതലുള്ള അഡ്മിഷനുകൾ) പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 3 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ ബിഎൽഐബിഎസ്സി (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ സപ്ലിമെൻററി) രണ്ടാം സെമസ്റ്റർ ബിഎൽഐഎസ്സി (2021-2023 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജൂലൈ 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 7 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### വൈവ വോസി

രണ്ടാം സെമസ്റ്റർ യു.ജി. ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ് (സി.ബി.സി.എസ് 2019-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ് / 2018 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ് / 2017 അഡ്മിഷൻ സെക്കൻഡ് മേഴ്സി ചാൻസ്) ഏപ്രിൽ 2026ന്റെ പ്രോജക്ട് / വൈവ വോസി പരീക്ഷകൾ ഓഗസ്റ്റ് 18 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.




# ഓണം കാമ്പയിനുമായി ഗോദ്റെജ് പുതിയ വാഷിംഗ് മെഷീനും റഫ്രിജറേറ്ററും അവതരിപ്പിച്ചു

**കൊച്ചി:** കസവ് വസ്ത്രങ്ങൾ അലക്കാൻ അനുയോജ്യമായ ഫ്രണ്ട് ലോഡ് വാഷിംഗ് മെഷീനും വലിയ സംഭരണശേഷിയുള്ള റഫ്രിജറേറ്ററുകളും വിപണിയിൽ അവതരിപ്പിച്ച് ഗോദ്റെജ് എന്റർപ്രൈസസ് ഗ്രൂപ്പിന്റെ അപ്ലയൻസസ് വിഭാഗം. ഓണത്തോടനുബന്ധിച്ചാണ് പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കിയത്. കൂടാതെ ഓണം കാമ്പയിനിനും കമ്പനി തുടക്കമിട്ടു.

കേരളത്തിന്റെ തനതായ കസവ് വസ്ത്രങ്ങളോടുള്ള ആദരസൂചകമായി ടെസ്റ്റഡ് ഫോർ കസവ്, ട്രസ്റ്റഡ് ബൈ കേരള എന്ന പ്രൊമോഷണൽ കാമ്പയിനാണ് ബ്രാൻഡ് പുറത്തിറക്കിയിരിക്കുന്നത്. കൈത്തറി വസ്ത്രങ്ങളോടുള്ള ഇഷ്ടം വളർത്താനും വിശേഷ ദിവസങ്ങളിൽ മാത്രമല്ലാതെ മറ്റ് സമയങ്ങളിലും അവ അഭിമാനത്തോടെ ധരിക്കാൻ ഉപഭോക്താക്കളെ പ്രോത്സാഹിപ്പിക്കാനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

കൂടുതൽ സ്റ്റോറേജ് സൗകര്യങ്ങളുള്ള സൈഡ്ബൈ സൈഡ് എഐ റഫ്രിജറേറ്ററുകളിൽ കൺവെർട്ടബിൾ സോൺ സൗകര്യവുമുണ്ട്.

കാമ്പയിന്റെ ഭാഗമായി ഇടപ്പള്ളി മെട്രോ സ്റ്റേഷൻ, പിവിആർ ലുലു മാൾ, ക്രോസ്‌വേഡ്, മോക്ക ആർട്ട് കഫേ എന്നിവിടങ്ങളിൽ കസവ് ധരിച്ച മാൻകിനുകൾ ഉപയോഗിച്ചുള്ള ഇൻസ്റ്റാളേഷനുകളും കമ്പനി ഒരുക്കിയിട്ടുണ്ട്. കസവ് വസ്ത്രങ്ങൾ അലക്കുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകുന്ന ഇന്ററാക്ടീവ് ക്യുആർ കോഡുകളും ഇതിനൊപ്പമുണ്ട്. കസവും മറ്റ് 25 ഇന്ത്യൻ കൈത്തറി വസ്ത്രങ്ങളും വീട്ടിൽ തന്നെ സുരക്ഷിതമായി അലക്കാൻ കഴിയുന്ന ഗോദ്റെജിന്റെ ഹാൻഡ്‌ലൂം ഫ്രണ്ട്‌ലി ഫ്രണ്ട് ലോഡ് വാഷിംഗ് മെഷീനുകളെക്കുറിച്ച് ആളുകളെ ബോധവൽക്കരിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം.

# ഓണത്തിന് ഓഫറുകളുമായി സോണി ഇന്ത്യ




കൊച്ചി: ഓണാഘോഷങ്ങൾക്ക് മാറ്റുകൂട്ടാൻ ബ്രാവിയ ട്രൂ ആർജിബി ടിവികൾ, ഓഡിയോ സിസ്റ്റങ്ങൾ, ക്യാമറകൾ എന്നിവയ്ക്ക് പ്രത്യേക ഉത്സവകാല ഓഫറുകൾ പ്രഖ്യാപിച്ച് സോണി ഇന്ത്യ. അടുത്തിടെ വിപണിയിലിറക്കിയ 115 ഇഞ്ച് ബ്രാവിയ ട്രൂ ആർജിബി ടിവി അടക്കമുള്ള പ്രീമിയം ഉൽപ്പന്നങ്ങൾക്ക് വൻ ഇളവുകളും ആനുകൂല്യങ്ങളുമാണ് സോണി ഒരുക്കിയിരിക്കുന്നത്.

തിരഞ്ഞെടുത്ത ബ്രാവിയ ടിവികൾക്ക് 25,000 രൂപ വരെ ഇൻസ്റ്റന്റ് ക്യാഷ്ബാക്ക്, 3 വർഷത്തെ വാറന്റി ലഭിക്കും. ഒരു ഇ.എം.ഐ സൗജന്യമായി ലഭിക്കുന്നതിനൊപ്പം പ്രതിമാസം 2,995 രൂപ മുതലുള്ള ലളിതമായ ഇ.എം.ഐ ഓപ്ഷനുകളും ലഭ്യമാണ്. ടിവിയും സൗണ്ട്ബാറും ഒരുമിച്ച് വാങ്ങുമ്പോൾ 64,990 രൂപ വരെ ലാഭിക്കാം.

2026 സെപ്റ്റംബർ 6 വരെ കൊച്ചിയിലെ അംഗീകൃത സോണി ഡീലർമാർ വഴി ഈ ഓഫറുകൾ ലഭ്യമായിരിക്കും.

തിരഞ്ഞെടുത്ത മോഡലുകൾക്ക് 15,000 രൂപ വരെ ഇൻസ്റ്റന്റ് ക്യാഷ്ബാക്കും, ടിവി + സൗണ്ട്ബാർ കോംബോ വാങ്ങുമ്പോൾ 15,000 രൂപ വരെ തൽക്ഷണ ഇളവും ലഭിക്കും. ബ്രാവിയ തിയേറ്റർ ബാർ 7+ സബ് വൂഫേഴ്സ് വാങ്ങുമ്പോൾ എസ്എ ആർഎസ്8 റിയർ സ്പീക്കർ സൗജന്യമായി സ്വന്തമാക്കാം.

പാർട്ടി സ്പീക്കറുകൾക്ക് ഒരു ഇ.എം.ഐ സൗജന്യമായി ലഭിക്കുന്നതിനൊപ്പം യുഎൽടി900/യുഎൽടി900എസി പാർട്ടി സ്പീക്കറുകൾക്കൊപ്പം സൗജന്യ വയർലെസ് ഡ്യുവൽ മൈക്കും നൽകുന്നു.

സോണിയുടെ ജനപ്രിയ വയർലെസ് ഹെഡ്ഫോണുകളായ ഡബ്ല്യുഎച്ച്1000എക്സ്എം6, ഡബ്ല്യുഎച്ച്1000എക്സ്എം5, ഇയർബഡുകൾ, ഇൻസോൺ ഗെയിമിംഗ് ഉൽപ്പന്നങ്ങൾ എന്നിവയ്ക്കും ആകർഷകമായ ഓഫർ വിലയും ക്യാഷ്ബാക്കുകളും ലഭ്യമാണ്. ഓണക്കാലത്തെ നിമിഷങ്ങൾ പകർത്തുവാൻ സോണിയുടെ സിനിമാ ലൈൻ ക്യാമറ, ഇന്റർചേഞ്ചബിൾ ലെൻസ് ക്യാമറ, ഇസെഡ് വി ക്യാമറ, ലെൻസുകൾ എന്നിവയ്ക്ക് പ്രത്യേക ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.




# സെയ്ന്റ്സ് & മാസ്റ്റേഴ്സ് ഓണം ക്ലൗഡ് പ്ലാറ്റ്ഫോം പുറത്തിറക്കി

**കൊച്ചി :** ആഗോള ടെക്നോളജി അഡൈ്വസറി ആൻഡ് എക്സിക്യൂഷൻ സ്ഥാപനമായ മലയാളി ഐടി കമ്പനിയായ സെയ്ന്റ്സ് & മാസ്റ്റേഴ്സ്, ഇന്ത്യൻ സംരംഭങ്ങൾക്കായി 'ഓണം' (ഓർക്കസ്ട്രേറ്റഡ് നെറ്റ്വർക്ക്സ്, ആപ്ലിക്കേഷൻസ് ആൻഡ് മെഷീൻസ്) ക്ലൗഡ് പ്ലാറ്റ്ഫോം പുറത്തിറക്കി. ഇന്ത്യൻ സ്റ്റാർട്ടപ്പുകൾക്കും മറ്റ് വ്യവസായ സ്ഥാപനങ്ങൾക്കും ഡാറ്റാ സുരക്ഷ, നിയമപരമായ ബാധ്യത തുടങ്ങിയവ നിലനിർത്തിക്കൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ക്ലൗഡ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനുവേണ്ടി കൊച്ചി ഇൻഫോപാർക്ക് ഫേസ് രണ്ടിലെ കാസ്പിയൻ ടെക് പാർക്കിൽ കമ്പനി പുതിയ ഡെവലപ്മെന്റ് സെന്ററും ആരംഭിച്ചു. 200 തൊഴിലവസരം ഇതിലൂടെ ഉണ്ടാകുമെന്ന് കമ്പനി അറിയിച്ചു.

ലോകത്തിലെ ഏറ്റവും വലിയ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ കമ്പനിയായ ഇക്വിനിക്സ് ആണ് ഓണം ക്ലൗഡിന്റെ ഡാറ്റാ സെന്റർ പങ്കാളി. ആറ് ഭൂഖണ്ഡങ്ങളിലെ 35ലധികം രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഇക്വിനിക്സിന്റെ 280ലധികം ഡാറ്റാ സെന്ററുകൾ വഴി പരിപൂർണ്ണ നിയന്ത്രണത്തിലുള്ള ക്ലൗഡ് മേഖലകൾ വിന്യസിക്കാൻ ഓണം ക്ലൗഡിന് സാധിക്കും. മൈക്രോസോഫ്റ്റ് അസൂർ, എഡബ്ല്യുഎസ്, ഗൂഗിൾ ക്ലൗഡ് തുടങ്ങിയ പബ്ലിക് ക്ലൗഡ്, സാസ് സേവനങ്ങളിലേക്ക് നേരിട്ടുള്ള സുരക്ഷിത കണക്റ്റിവിറ്റിയും ഇത് വാഗ്ദാനം ചെയ്യുന്നുണ്ട്.

2021ൽ കൊച്ചി ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ച സെയ്ന്റ്സ് & മാസ്റ്റേഴ്സ്, അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഇന്ത്യയിലെ 10,000 ചെറുകിടഇടത്തരം സംരംഭങ്ങൾക്ക് ഓണം ക്ലൗഡ് സേവനം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ഇന്ത്യയിൽ ക്ലൗഡ് വിപണി വലിയ വളർച്ച കൈവരിക്കുന്ന പശ്ചാത്തലത്തിലാണ് ഈ ചുവടുവെപ്പ്.

അന്താരാഷ്ട്ര ഏജൻസിയായ ഗാർട്ട്നറുടെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ പബ്ലിക് ക്ലൗഡ് ചെലവ് 2026ഓടെ 17.5 ബില്യൺ യുഎസ് ഡോളറിലേക്ക് ഉയരും. പ്രൊപ്രൈറ്ററി ഹൈപ്പർവൈസർ അല്ലെങ്കിൽ ലൈസൻസിങ് നിബന്ധനകൾ ഇല്ലാതെ ഓപ്പൺ സ്റ്റാൻഡേർഡുകളിലാണ് ഓണം ക്ലൗഡ് നിർമ്മിച്ചിരിക്കുന്നതെന്നതിനാൽ ഉപഭോക്താക്കൾക്ക് കൂടുതൽ സ്വാതന്ത്ര്യവും സുതാര്യതയും ലഭിക്കുമെന്നും ഓണം ക്ലൗഡിന്റെ സീനിയർ ക്ലൗഡ് ആർക്കിടെക്റ്റ് ഡിജീഷ് പടിഞ്ഞാറേതിൽ വ്യക്തമാക്കി.

ഇന്ത്യൻ ബിസിനസുകൾക്ക് വിശ്വസനീയവും ചെലവ് കുറഞ്ഞതുമായ അടിത്തറയാണ് ഓണം ക്ലൗഡ് നൽകുന്നതെന്ന് സെയ്ന്റ്സ് & മാസ്റ്റേഴ്സ് സിഇഒ ജയകൃഷ്ണൻ ജി അറിയിച്ചു. ഇന്ത്യയുടെ ഡിജിറ്റൽ സ്വയം പര്യാപ്തതയ്ക്കും വികസിത് ഭാരത് 2047 ലക്ഷ്യങ്ങൾക്കും ഇത് പിന്തുണ നൽകുന്നു. സമാനമായ മറ്റ് പ്ലാറ്റ്ഫോമുകളെ അപേക്ഷിച്ച് മൊത്തം ചെലവിൽ 30 മുതൽ 40 ശതമാനം വരെ കുറവ് വരുത്താൻ ഓണം ക്ലൗഡിന് കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി.

നിലവിൽ പൂർണ്ണമായും രാജ്യത്തിനകത്തുതന്നെയുള്ള ഡാറ്റാ റെസിഡൻസിയോടെ കമ്പ്യൂട്ട്, സ്റ്റോറേജ്, നെറ്റ്വർക്കിംഗ് എന്നിവ ഉൾപ്പെടുന്ന ഇൻഫ്രാസ്ട്രക്ചർആസ്എസർവീസ് ആണ് ഓണം ക്ലൗഡ് വാഗ്ദാനം ചെയ്യുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ് എന്നിവയ്ക്കായുള്ള ജിപിയു കമ്പ്യൂട്ടിംഗും പ്ലാറ്റ്ഫോംആസ്എസർവീസും അടുത്ത ഘട്ടത്തിൽ ലഭ്യമാക്കും.

വ്യത്യസ്ത ബിസിനസ്സ് ആവശ്യങ്ങൾക്കായി ഓണംപബ്ലിക് (സോവറിൻ പബ്ലിക് ക്ലൗഡ്), ഓണംപ്രൈവറ്റ് (ഡെഡിക്കേറ്റഡ് പ്രൈവറ്റ് ക്ലൗഡ്), ഓണം ബിവൈഒപിസി (ഓൺ പ്രെമിസ് ഇൻഫ്രാസ്ട്രക്ചർ) വിഭാഗങ്ങളിൽ പ്ലാറ്റ്ഫോം ലഭ്യമാണ്.

ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ രൂപകൽപ്പന ചെയ്യുന്നതിലും വിന്യസിക്കുന്നതിലും ആഗോളതലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സെയ്ന്റ്സ് & മാസ്റ്റേഴ്സ്. ഐഎസ്ഒ 27001 സർട്ടിഫിക്കേഷനുള്ള കമ്പനിക്ക് ബെംഗളൂരു, ചെന്നൈ, കൊച്ചി എന്നിവിടങ്ങളിലെ ഓഫീസുകളിലായി 350ലധികം ജീവനക്കാരുണ്ട്. വിവിധ രാജ്യങ്ങളിലായി സെയ്ന്റ്സ് & മാസ്റ്റേഴ്സ്. മുന്നൂറിലധികം ഉപഭോക്താക്കൾക്ക് സേവനം നൽകി വരുന്നു.

# മേക്കടമ്പ് സർവീസ് സഹകരണ ബാങ്കിൽ ഓണച്ചന്ത ആരംഭിച്ചു



**മുവാറ്റുപുഴ :** മേക്കടമ്പ് സർവീസ് സഹകരണ ബാങ്കിൽ ഓണ വിപണിയുടെ ഉദ്ഘാടനം ബാങ്ക് പ്രസിഡണ്ട് ഡോ. ജോർജ് മാത്യു ഉദ്ഘാടനം നിർവഹിച്ചു. ഓണക്കാലത്ത് സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി കേരള ഗവൺമെൻറ് ഏർപ്പെടുത്തിയിരിക്കുന്ന സബ്സിഡിയോടുകൂടി നിത്യോപയോഗ സാധനങ്ങളായ അരി, പഞ്ചസാര, പയർ,പരിപ്പ്, തേയില, വെളിച്ചെണ്ണ, കടല, മുതലായ സാധനങ്ങൾ സംഘത്തിൽ നിന്ന് നൽകുന്നതാണ്. സെക്രട്ടറി ലില്ലി യാക്കോബ്,ബോർഡ് മെമ്പർമാരായ കെ. ഒ. ജോർജ്, എൻ. സി.പൗലോസ്, ഒ. വി. ബാബു, അജി പി. എസ്, മനു ബ്ലായിൽ,രാജൻ. കെ. കെ.ഫിന ബേസിൽ, ഓമന ജയമോഹൻ, ജിജി ബാബു എന്നിവർ സംസാരിച്ചു.




# പാറ്റേൺ എഐ ലാബ്സിന്റെ 'സ്കി' സോഫ്റ്റ് വെയർ പ്രൊഡക്ട് ഹണ്ടിൽ ഒന്നാമത്

**കൊച്ചി:** ആഗോള ടെക്നോളജി പ്ലാറ്റ്ഫോമായ പ്രൊഡക്ട് ഹണ്ടിൽ ഒന്നാം സ്ഥാനം നേടി കെഎസ് യു എം എ ഐ സ്റ്റാർട്ടപ്പായ 'പാറ്റേൺ എഐ ലാബ്സ്'. ഡെവലപ്പർമാർക്ക് ശബ്ദത്തിലൂടെ നേരിട്ട് കോഡിംഗ് നടത്താൻ സൗകര്യമൊരുക്കുന്ന 'സ്കി' എന്ന എ ഐ അസിസ്റ്റന്റ് സോഫ്റ്റ് വെയറാണ് ലോകമെമ്പാടുമുള്ള ടെക് ഉൽപ്പന്നങ്ങളോട് മത്സരിച്ച് 'പ്രൊഡക്ട് ഓഫ് ദി ഡേ' ആയി തിരഞ്ഞെടുക്കപ്പെട്ടത്.

പ്രൊഡക്ട് ഹണ്ടിന്റെ ആഗോള ലീഡർബോർഡിൽ കേരളത്തിൽ നിന്നുള്ള ഒരു സോഫ്റ്റ് വെയർ ഒന്നാമതെത്തുന്നത് അഭിമാനാർഹമായ നേട്ടമാണെന്ന് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്യുഎം) അറിയിച്ചു.

കീബോർഡിൽ പ്രോംപ്റ്റുകൾ ടൈപ്പ് ചെയ്യുന്നതിന് പകരം സ്വാഭാവികമായ സംഭാഷണത്തിലൂടെ എഐ കോഡിംഗ് ഏജന്റുകളുമായി തത്സമയം സംവദിച്ച് സോഫ്റ്റ് വെയർ നിർമ്മിക്കാൻ സഹായിക്കുന്ന 'വോയ്സ് കോഡിംഗ്' എന്ന നൂതന സാങ്കേതികവിദ്യയാണ് സ്കി.

മാക്, വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളിൽ പ്രവർത്തിക്കുന്ന ഈ സംവിധാനം ശബ്ദ വിശകലനം അതത് കമ്പ്യൂട്ടറുകളിൽ തന്നെ പൂർണ്ണമായും നിർവഹിക്കുന്നതിനാൽ വിവരങ്ങളുടെ സുരക്ഷയും വേഗതയും ഉറപ്പാക്കുന്നു.

ആഗോളതലത്തിൽ പുത്തൻ സാങ്കേതിക ഉൽപ്പന്നങ്ങളുടെ യോഗ്യത നിർണ്ണയിക്കപ്പെടുന്ന മത്സരാധിഷ്ഠിത പരിപാടിയാണ് പ്രൊഡക്ട് ഹണ്ട്. ലോകമെമ്പാടുമുള്ള പ്രമുഖ ഡെവലപ്പർമാർ, സംരംഭകർ, നിക്ഷേപകർ എന്നിവരുടെ സ്വതന്ത്രമായ വോട്ടെടുപ്പിലൂടെയാണ് ഏറ്റവും മികച്ച ഉൽപ്പന്നത്തെ തിരഞ്ഞെടുക്കുന്നത്. മുൻപ് നോഷൻ , ഫിഗ്മ , ലൂം തുടങ്ങിയ ലോകോത്തര പ്ലാറ്റ്ഫോമുകൾ ആദ്യമായി അവതരിപ്പിക്കപ്പെട്ടത് ഈ ആഗോള വേദിയിലാണ്.

അനൂപ് ബാലകൃഷ്ണൻ, ആനന്ദ് ബാലകൃഷ്ണൻ, ജോൺ കെ.ജി എന്നിവർ ചേർന്ന് കൊച്ചിയിലാണ് പാറ്റേൺ എഐ ലാബ്സിന് തുടക്കം കുറിച്ചത്. പുതിയ നേട്ടത്തോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖ ഡെവലപ്പർമാരുടെയും നിക്ഷേപകരുടെയും ശ്രദ്ധ കൊച്ചിയിലേക്കെത്തിക്കാൻ ഈ കൊച്ചി സ്റ്റാർട്ടപ്പിന് സാധിച്ചിട്ടുണ്ട്.

# ഗോയ്ഥെസെന്റർ മലബാറിലേക്ക്; പുതിയ പരീക്ഷാ കേന്ദ്രം കോഴിക്കോട്ട് പ്രവർത്തനം തുടങ്ങി

**കോഴിക്കോട്:** കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലേറെയായി കേരളത്തിൽ ജർമ്മൻ ഭാഷാ പ്രചാരണത്തിനും ഇൻഡോജർമ്മൻ സാംസ്കാരിക വിനിമയത്തിനും മുൻപന്തിയിലുള്ള ഗോയ്ഥെസെന്റർ തിരുവനന്തപുരം കോഴിക്കോട് ഗോവിന്ദപുരം ലുലു മാളിന് സമീപമുള്ള ടി ടി അവന്യൂവിൽ പുതിയ പരീക്ഷാ കേന്ദ്രം പ്രവർത്തനം തുടങ്ങി.ഉന്നതവിദ്യാഭ്യാസത്തിനും തൊഴിൽ അവസരങ്ങൾക്കുമായി കോഴിക്കോട്, കണ്ണൂർ, വയനാട്, മലപ്പുറം, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ നിന്ന് ജർമ്മൻ ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളുടെയും യുവപ്രൊഫഷണലുകളുടെയും വർദ്ധിച്ചുവരുന്ന ആവശ്യകത പരിഗണിച്ചാണ് പുതിയ സെന്റർ ആരംഭിച്ചിട്ടുള്ളത്.



ഗോയ്ഥെയുടെ വടക്കൻ മലബാറിലെ ആദ്യ കേന്ദ്രമാണിത്. അന്താരാഷ്ട്ര തലത്തിൽ വൻ സ്വീകാര്യതയുള്ള ജർമ്മൻ ഭാഷാ സർട്ടിഫിക്കറ്റ് പരീക്ഷകൾ സ്വന്തം നാട്ടിൽ തന്നെ എഴുതാനുള്ള സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായാണ് കോഴിക്കോട്ടും സെന്റർ ആരംഭിച്ചതെന്ന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് ന്യൂഡൽഹിയിലെ ഗോയ്ഥെ ഇൻസ്റ്റിറ്റ്യൂട്ട് മാക്സ് മുള്ളർ ഭവനിലെ സൗത്ത് ഏഷ്യ വിഭാഗം ലാംഗ്വേജ് പ്രോഗ്രാം ഡയറക്ടർ ഡോ. അലക്സാൻഡ്ര മിറ്റ്ലർ പറഞ്ഞു. ജർമ്മനിയിലെ ഔദ്യോഗിക സാംസ്കാരിക സ്ഥാപനമായ ഗോയ്ഥെഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഷാ പരീക്ഷകൾക്ക് ആഗോളതലത്തിൽ മികച്ച അംഗീകാരമാണുള്ളത്. യൂറോപ്യൻ കോമൺ ഫ്രെയിംവർക്ക് ഓഫ് റഫറൻസ് ഫോർ ലാംഗ്വേജസിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്ന ഈ പരീക്ഷകൾ ജർമ്മനിയിലേക്കുള്ള അക്കാദമിക്, തൊഴിൽപരമായ ആവശ്യങ്ങൾക്ക് അത്യന്താപേക്ഷിതമാണ്.

കേവലം പരീക്ഷാ കേന്ദ്രം എന്നതിലുപരി ഇന്തോ ജർമ്മൻ സാംസ്കാരിക സഹകരണത്തിന്റെ വലിയൊരു വേദിയായി കോഴിക്കോടിനെ മാറ്റാനാണ് ആഗ്രഹിക്കുന്നതെന്ന് ഗോയ്ഥെസെന്റർ കേരള ഡയറക്ടർ ഡോ. സയ്യിദ് ഇബ്രാഹിം പറഞ്ഞു. വരും നാളുകളിൽ ജർമ്മൻ ചലച്ചിത്ര മേളകൾ, സംഗീത പരിപാടികൾ, സാഹിത്യ സമ്മേളനങ്ങൾ, വർക്ക്ഷോപ്പുകൾ, സർവ്വകലാശാലകളുമായുള്ള സഹകരണ പദ്ധതികൾ എന്നിവ മലബാറിലെ സാംസ്കാരിക മേഖലയിലേക്ക് എത്തിക്കാൻ പദ്ധതിയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കോഴിക്കോട്ടെ ആദ്യ ഗോയ്ഥെ സർട്ടിഫിക്കറ്റ് പരീക്ഷകൾ ഓഗസ്റ്റ് 19 മുതൽ ആരംഭിക്കും. തുടർന്നുള്ള മാസങ്ങളിൽ കൃത്യമായി പരീക്ഷകൾ നടത്താനാണ് കേന്ദ്രം തീരുമാനിച്ചിരിക്കുന്നത്.

# പ്രോഷീൽഡും വിപേ 2.0ഉം അവതരിപ്പിച്ച് ബജാജ് ജനറൽ ഇൻഷുറൻസ്

**കൊച്ചി:** ഡിഫെൻസ് ഉദ്യോഗസ്ഥർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത 'പ്രോഷീൽഡ്', ആധുനിക കണക്റ്റഡ് വാഹനങ്ങൾക്കായുള്ള നെക്സ്റ്റ് ജനറേഷൻ ഇൻഷുറൻസ് 'വിപേ 2.0' എന്നീ പുതിയ മോട്ടോർ ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ ബജാജ് ജനറൽ ഇൻഷുറൻസ് ലിമിറ്റഡ് പുറത്തിറക്കി. പരമ്പരാഗത അപകട പരിരക്ഷകൾക്കപ്പുറം ഉപഭോക്താക്കളുടെ മാറുന്ന ആവശ്യങ്ങൾക്കനുസൃതമായ സമഗ്ര സംരക്ഷണം ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

സൈനിക ഉദ്യോഗസ്ഥരുടെ നിരന്തരമായ സ്ഥലംമാറ്റങ്ങളും വെല്ലുവിളികളും കണക്കിലെടുത്താണ് പ്രോഷീൽഡ് അവതരിപ്പിച്ചിരിക്കുന്നത്. സ്ഥലംമാറ്റ വേളയിലെ വാഹന ഗതാഗത സംരക്ഷണം (റീലൊക്കേഷൻ പ്രൊട്ടക്ഷൻ), വിമാനത്താവളത്തിലേക്കുള്ള യാത്രാമധ്യേ അപകടം സംഭവിച്ചാലുള്ള ടിക്കറ്റ്താമസച്ചെലവ് പരിരക്ഷ (ട്രാവൽ എമർജൻസി പ്രൊട്ടക്ഷൻ), രേഖകൾ നഷ്ടപ്പെട്ടാലുള്ള സാമ്പത്തിക സഹായം, പരിധിയില്ലാത്ത ക്ലെയിമുകൾ, മുൻഗണനാ പിന്തുണ എന്നിവ പ്രോഷീൽഡ് ഉറപ്പുനൽകുന്നു.

ആധുനിക കണക്റ്റഡ്, ഇലക്ട്രിക് വാഹനങ്ങളുടെ ആവശ്യങ്ങൾക്കായി രൂപകൽപ്പന ചെയ്ത ഏകീകൃത ഇൻഷുറൻസ് പരിഹാരമാണ് വിപേ 2.0. സൈബർ ആക്രമണങ്ങൾക്കെതിരെയുള്ള സംരക്ഷണം, സ്മാർട്ട് റിപ്പയർ സൗകര്യം, എഡിഎഎസ് ക്യാമറ/സെൻസർ റീകാലിബ്രേഷൻ, ഇന്ധനത്തിൽ മായം ചേർത്താലുള്ള പരിരക്ഷ, ട്രാക്ഷൻ ബാറ്ററി റീപ്ലേസ്മെന്റ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. പ്രൈം, ക്ലാസിക്, എലൈറ്റ് എന്നീ മൂന്ന് വേരിയന്റുകളിൽ ഈ പോളിസി ലഭ്യമാണ്.

# റെഗുലർ പ്ലാനുകളുമായി ജിയോബ്ലാക്ക്റോക്ക് അസറ്റ് മാനേജ്മെന്റ്

**മുംബൈ:** ജിയോ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡും (ജെ.എഫ്.എസ്.എൽ) ബ്ലാക്ക്റോക്കും തമ്മിലുള്ള 50:50 സംയുക്ത സംരംഭമായ ജിയോ ബ്ലാക്ക്റോക്ക് അസറ്റ് മാനേജ്മെന്റ് (ജിയോബ്ലാക്ക്റോക്ക് അസറ്റ് മാനേജ്മെന്റ്), 2026 ആഗസ്റ്റ് 17 മുതൽ എല്ലാ മ്യൂച്വൽ ഫണ്ട് സ്കീമുകളിലും റെഗുലർ പ്ലാനുകൾ അവതരിപ്പിക്കുന്നു.

മ്യൂച്വൽ ഫണ്ട് ബിസിനസ്സ് ആരംഭിച്ചതുമുതൽ, തടസ്സമില്ലാത്ത ഡിജിറ്റൽ നിക്ഷേപ അനുഭവം സൃഷ്ടിക്കുന്നതിനാണ് ജിയോബ്ലാക്ക്റോക്ക് അസറ്റ് മാനേജ്മെന്റ് മുൻഗണന നൽകിയത്. റെഗുലർ പ്ലാനുകൾ അവതരിപ്പിക്കുന്നതിലൂടെ, നിക്ഷേപകർക്ക് രജിസ്റ്റർ ചെയ്ത മ്യൂച്വൽ ഫണ്ട് വിതരണക്കാർ വഴി നിക്ഷേപം നടത്താനും സാധിക്കും. ഇത് ജിയോബ്ലാക്ക്റോക്കിന്റെ നിക്ഷേപ ഓഫറുകളുമായി ഇടപഴകുന്നതിനും അവ ലഭ്യമാക്കുന്നതിനും നിക്ഷേപകർക്ക് കൂടുതൽ അവസരങ്ങൾ നൽകും. കമ്പനിയുടെ വിതരണ ശൃംഖല വിപുലീകരിക്കുന്നതോടൊപ്പം, ഒന്നിലധികം ചാനലുകളിലൂടെ നിക്ഷേപകർക്ക് സേവനം നൽകാനും ഇന്ത്യയിലെ വളരുന്ന ഫിനാൻഷ്യൽ അഡ്വൈസ് ഇക്കോസിസ്റ്റത്തിന് പുതിയ ദിശ നൽകുമെന്ന് കമ്പനി അധികൃർ വിലയിരുത്തുന്നു. നിക്ഷേപകരെ കേന്ദ്രീകരിച്ച് 'ലളിതവും പ്രാപ്യവുമയ പരിഹരങ്ങളിലൂടെ സാമ്പത്തിക വിപണി വാഗ്ദാനം ചെയ്യുന്ന വളർച്ചാ അവസരങ്ങളിൽ പങ്കാളികളാകാൻ നിക്ഷേപകരെ സഹായിക്കുക എന്നതാണ് ജിയോബ്ലാക്ക്റോക്ക് അസറ്റ് മാനേജ്മെന്റിന്റെ ലക്ഷ്യമെന്ന് ജിയോബ്ലാക്ക്റോക്ക് അസറ്റ് മാനേജ്മെന്റ് മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ സിദ് സ്വാമിനാഥൻ പറഞ്ഞു.

എസ്ഐഎഫ് പ്ലാറ്റ്ഫോമിന് കീഴിൽ അടുത്തിടെ ആരംഭിച്ച പ്രിസം ഹൈബ്രിഡ് ലോംഗ്ഷോർട്ട് ഫണ്ടിൽ നിക്ഷേപകർക്ക് എങ്ങനെ നിക്ഷേപിക്കണം എന്നതിൽ കൂടുതൽ തിരഞ്ഞെടുപ്പ് സ്വാതന്ത്ര്യം ഇതിലൂടെ ലഭിക്കും. വർദ്ധിച്ചുവരുന്ന നിക്ഷേപക അവബോധവും, ഉയർന്ന പങ്കാളിത്തവും, ഇന്ത്യയിലെ മ്യൂച്വൽ ഫണ്ട് വ്യവസായം വളർച്ചയുടെ പുതിയ ഘട്ടത്തിലാണ്. രാജ്യത്തുടനീളമുള്ള പുതിയ നിക്ഷേപകരിലേയ്ക്ക് നിക്ഷേപമെത്തിക്കുന്നതിൽ വിതരണക്കാരുടെ പങ്ക് ചെറുതല്ല. റെഗുലർ പ്ലാനുകൾ അവതരിപ്പിക്കുന്നതിലൂടെ അർത്ഥവത്തായതും ദീർഘകാലവുമായ പങ്കാളിത്തം കെട്ടിപ്പടുക്കാനും, നിക്ഷേപ പരിഹാരങ്ങൾ നിക്ഷേപകർക്ക് ലഭ്യമാക്കാനും സാധിക്കുമെന്ന പ്രതീക്ഷയിലാണ് ജിയോബ്ലാക്ക്റോക്ക് അസറ്റ് മാനേജ്മെന്റെന്ന് ചീഫ് ബിസിനസ്സ് ഓഫീസർ രാജീവ് ഠാമ്രിയ പറഞ്ഞു.

മ്യൂച്വൽ ഫണ്ട് വിതരണക്കാർക്ക് ഇപ്പോൾ ജിയോബ്ലാക്ക്റോക്കിന്റെ പ്രത്യേക ഓൺലൈൻ പോർട്ടലായ jioblack-rock.camsonline.com/empanelment വഴി ഡിജിറ്റലായി രജിസ്റ്റർ ചെയ്യാമെന്നും ഇത് വേഗതയേറിയതും ലളിതവും തടസ്സമില്ലാതുമായ നിക്ഷേപ അനുഭവം സാധ്യമാക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.